LIBRARY ARCHIVES Kerala Legislative Assembly

- സർക്കാർ കെട്ടിടങ്ങളിൽ 110 കിലോവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കാൻ 2012-13-ൽ ലഭിച്ച ഭരണാനുമതി പ്രകാരം പ്ലാന്റുകൾ പൂർത്തീകരിച്ചുകഴിഞ്ഞു. പാലക്കാട് കഴൽമന്ദത്ത് സ്ഥാപിക്കാനായി സർക്കാർ ഭരണാനുമതി നൽകിയ 2 മെഗാവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു.

  കേരളത്തിൽ കാറ്റാടിപ്പാടങ്ങൾവഴി 200 മെഗാവാട്ട് ശേഷിയുള്ള വൈദ്യുതോത്പാദന പദ്ധതികൾ ആരംഭിക്കുന്നതിന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.റ്റി.പി.സി.-യുമായി കേരള സർക്കാർ ധാരണാപത്രം ഒപ്പിട്ടിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി പ്രദേശത്ത് യന്ത്രസാമഗ്രികൾ കൊണ്ടുപോകുന്നതിന് റോഡ് സൗകര്യമില്ലാത്തതിനാലും ഈ പ്രദേശങ്ങളിൽ 850 കിലോവാട്ട്/1000 കിലോവാട്ട് WTG മാത്രമേ സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂ എന്നതുകൊണ്ടും ഈ പദ്ധതി സാങ്കേതികമായും സാമ്പത്തികമായും അനുയോജ്യമല്ല എന്ന് എൻ.റ്റി.പി.സി. അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പ്രദേശത്ത് അനെർട്ടും കെ.എസ്.ഇ.ബി. ലിമിറ്റഡും സംയുക്തമായി സോളാർ വിൻഡ് ഹൈബ്രിഡ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

  കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നത് വർദ്ധിപ്പിക്കുവാനായി മറ്റൊരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി.-യുമായി കേരള സർക്കാർ ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇതിൻപ്രകാരം ആദ്യഘട്ട നടപടികൾ പുരോഗമിച്ചുവരുന്നു.

ഊർജ്ജോത്പാദന പദ്ധതികൾ

70(2271) ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ഊർജോത്പാദന പദ്ധതികൾക്ക് പുതുതായി രൂപം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത കാലയളവിൽ സൗരോർജ്ജം ഉത്പാദിപ്പിക്കുന്നതിനുള്ള എത്ര പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2019 MW-ന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് ഗവൺമെന്റ്/ ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

1.	അപ്പർ കല്ലാർ	2 MW(ടെണ്ടർ നോട്ടീസ് നൽകിയിട്ടുണ്ട്)
2.	പെരുവണ്ണാമൂഴി	6 MW
3.	ചെമ്പു കടവ്-III	7.5 MW
4.	ഒലിക്കൽ	5 MW
5.	പൂവാരംതോട്	3 MW
6.	ചിന്നാർ	24 MW

മത്സര ദർഘാസിലൂടെ IPP/CPP വിഭാഗങ്ങളിലായി 100 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 23 ചെറുകിട ജലവൈദ്യുത പദ്ധതികൾ BOOT അടിസ്ഥാനത്തിൽ 30 വർഷത്തേക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) നടന്നുവരുന്നതും ലക്ഷ്യംവയ്ക്കുന്നതുമായ സൗരോർജ്ജ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.* അനെർട്ട് നടപ്പിലാക്കുന്ന പദ്ധതികൾ കൂടെ ചേർക്കുന്നു:

1. സംസ്ഥാനത്തിന്റെ സ്ഥാപിതശേഷി 10 മെഗാവാട്ട് ഉയർത്തുക എന്ന ലക്ഷ്യത്തോടെ 2012-13-ൽ ആരംഭിച്ച സൗരഗൃഹ പദ്ധതി 8000-ൽ അധികം പ്രതിഷ്ഠാപനങ്ങൾ പൂർത്തിയാക്കി നിലവിൽ 8 മെഗാവാട്ടായി സ്ഥാപിതശേഷി ഉയർത്തിയിട്ടുണ്ട്.
2. വിവിധ സർക്കാർ കെട്ടിടങ്ങളിൽ 363 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ട്.
3. പാലക്കാട് കഴൽമന്ദത്ത് അനെർട്ടിന്റെ സ്ഥലത്ത് 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly